(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2002-2003-ലെ റിപ്പോർട്ടിൽ നികുതി ചുമത്തുന്നതിലുണ്ടായ അപാകതമൂലം വിൽപ്പന നികുതി ഇനത്തിൽ 43.08 കോടി രൂപയുടെയും, കാർഷികാദായ നികുതി ഇനത്തിൽ 9.44 കോടി രൂപയുടെയും നഷ്ടം ഉണ്ടായതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേക്കുറിച്ച് പരിശോധന നടത്തിവരികയാണ്.

(ഡി) വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ††

ദേശീയ സമ്പാദ്യ പദ്ധതി വിപുലമാക്കാൻ നടപടി

*7 [323] ശ്രീ. തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വിപുലമാക്കാൻ സർക്കാരിനുദ്ദേശമുണ്ടോ;

(ബി) നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയ സമ്പാദ്യ പദ്ധതിയിൽ പണസമാഹരണവുമായി ബന്ധപ്പെട്ട് പോസ്റ്റാഫീസുകളുടെ സഹകരണം വേണ്ടത്ര ലഭിക്കുന്നുണ്ടോ; ഇവരുടെ നിസ്സഹകരണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പോസ്റ്റാഫീസ് ജീവനക്കാരുടെ സേവനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സമാഹരണം ആകർഷകമാക്കാൻ പുതിയ പദ്ധതി നടപ്പാക്കുമോ;

(എഫ്) ഏതെങ്കിലും ജില്ലകളിൽ സമാഹരണം ഊർജ്ജിതമല്ലായെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ജി) പണ സമാഹരണം ഊർജ്ജിതമല്ലാത്ത ജില്ലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഉണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം (2004-2005) 2500 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

†† അനുബന്ധം III എ

LIBRARY ARCHIVES Kerala Legislative Assembly

(സി) പോസ്റ്റാഫീസുകളുടെ സഹകരണം പൊതുവേ മെച്ചപ്പെട്ട രീതിയിലാണെങ്കിലും സഹകരണക്കുറവ് സംബന്ധിച്ച ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ഓരോ മാസവും അവസാന തീയതികളിൽ ഏജന്റുമാരിൽ നിന്നും നിക്ഷേപം സ്വീകരിക്കാതിരിക്കൽ, പുതിയ അക്കൗണ്ടുകൾ സ്വീകരിക്കാതിരിക്കൽ, ഏജന്റന്മാർക്കുള്ള രസീതു ബുക്കുകളുടെ ദൗർലഭ്യം എന്നിവയാണ് മുഖ്യ പരാതികൾ.

(ഡി) സ്വീകരിക്കും.

(ഇ) നടപ്പാക്കും.

(എഫ്) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ജി) പ്രത്യേക ശ്രദ്ധ ചെലുത്തും.

സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ വനഭൂമി തിരിച്ചുപിടിക്കാനും വനനശീകരണം തടയാനും നടപടി

*8 [324] ശ്രീ. സി. മമ്മൂട്ടി:

" യു. സി. രാമൻ:

" കെ. എൻ. എ. ഖാദർ:

" കെ. കുട്ടി അഹമ്മദ്കുട്ടി:

" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ വനഭൂമി തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികൾ കയ്യേറിയിരിക്കുന്നതും വനം വകുപ്പിന്റെ പരിധിയിൽപ്പെടുന്നതുമായ എത്ര സ്ഥലങ്ങൾ ഉണ്ട് എന്നു വെളിപ്പെടുത്തുമോ;

(സി) വനനശീകരണം തടയാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ വനഭൂമി തിരിച്ചുപിടിക്കാൻ കയ്യേറ്റക്കാരെ അപ്പപ്പോൾതന്നെ ഒഴിപ്പിക്കുന്നുണ്ട്. കൂടാതെ പഴക്കംചെന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി ഒഴിപ്പിക്കൽ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു. കൂടാതെ റവന്യൂ, പോലീസ്, സർവേ വകുപ്പുകളിലെ

LIBRARY ARCHIVES Kerala Legislative Assembly